# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3725

20..07..2015 -ൽ മറുപടിയ്ക്ക്

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തകർച്ച

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.ജി.സുധാകരൻ<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.റ്റി.വി.രാജേഷ് | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തകർച്ച സംബന്ധിച്ച് വിലയിരുത്തൽ നടത്തുകയുണ്ടായോ; ഇതു സംബന്ധിച്ച ഹൈക്കോടതി നിർദ്ദേശങ്ങൾ പരിഗണിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് സ്വാശ്രയമേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി നടത്തിയ നിരീക്ഷണങ്ങളും സർക്കാർ പരിഗണിച്ചിട്ടുണ്ട്. |
| (ബി) നിലവാരത്തകർച്ച സംബന്ധിച്ച ഹൈക്കോടതി പരാമർശത്തിന് വിധേയമായ കോളേജുകളുടെ നിലവിലെ സ്ഥിതി എന്താണ്; ഇത്തരം കോളേജുകളുടെ കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (ബി) ചില എഞ്ചിനീയറിംഗ് കോളേജുകളിൽ വിജയശതമാനം കുറവുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അവയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാർ തലത്തിലും സർവ്വകലാശാലാ തലത്തിലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയുടെ പശ്ചാത്തലത്തിൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പരിശോധനകൾ നടത്തുന്നതിനായി സർക്കാർ ഒരു കമ്മിറ്റിയെ ചുമതല പ്പെടുത്തിയിരുന്നു. |

പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ന്യൂനതകൾ കണ്ടെത്തിയ സ്ഥാപന മേധാവികളെ സർക്കാർ വിളിച്ചുവരുത്തി ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിരുന്നു. കൂടാതെ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് സ്ഥാപനങ്ങളുടെ നിലവിലുള്ള വിജയ ശതമാനം, അദ്ധ്യാപകരുടെ എണ്ണം, യോഗ്യത, മറ്റ് ഭൗതീക സാഹചര്യങ്ങൾ എന്നിവയും പരിഗണിക്കാറുണ്ട്. സർക്കാർ സ്വീകരിച്ച ഇത്തരം നടപടികളുടെ ഭാഗമായി പല സ്വാശ്രയ എഞ്ചിനീറിംഗ് കോളേജുകളുടേയും വിജയശതമാനം മെച്ചപ്പെട്ടിട്ടുണ്ട്.

(സി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടാതെ ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കഴിഞ്ഞ അദ്ധ്യയന വർഷം ഇത് എത്രയായിരുന്നു ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കഴിഞ്ഞ അദ്ധ്യയന വർഷം ഏകദേശം ഇരുപത്തി രണ്ടായിരത്തോളം എഞ്ചിനീയറിംഗ് സീറ്റുകൾ ഒഴിഞ്ഞ് കിടന്നിരുന്നതായി കണക്കാക്കുന്നു.

| | | |
|---|---|---|
| (ഡി) | ഈ സാഹചര്യത്തിൽ പുതിയ കോളേജുകൾ അനുവദിക്കുന്ന കാര്യത്തിൽ നിയന്ത്രണം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; ഈ സർക്കാർ ഇതുവരെ എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (ഡി) പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കുന്ന കാര്യത്തിൽ തൽക്കാലം നിയന്ത്രണമൊന്നും ഏർപ്പെടുത്തിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 37 പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*